REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 06-07-2025** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- **17-ാമത് ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി ബ്രസീലിലെ റിയോ ഡി ജനീറോയിലെത്തി.**
- **രണ്ട് ദിവസത്തെ സന്ദർശനത്തിന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് കേരളത്തിലെത്തും.**
- **സംസ്ഥാനത്ത് നിപ സമ്പർക്കപ്പട്ടികയിൽ മൂന്ന് ജില്ലകളിൽ നിന്നായി 425 പേർ ഉൾപ്പെട്ടിരിക്കുന്നതായി മന്ത്രി വീണാ ജോർജ്.**
- **സംസ്ഥാനത്ത് അടുത്ത 5 ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**
- **ബർമ്മിംഗ്ഹാം ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ട് രണ്ടാം ഇന്നിംഗ്സിൽ മൂന്ന് വിക്കറ്റിന് 72 റൺസെടുത്തു- വിജയലക്ഷ്യം 608 റൺസ്.**

## വാർത്തകൾ വിശദമായി

ഇന്ന് ആരംഭിക്കുന്ന രണ്ടു ദിവസത്തെ 17-ാമത് ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി ബ്രസീലിലെ റിയോ ഡി ജനീറോയിലെത്തി. ആഗോളവിഷയങ്ങളിലെ കാഴ്ചപ്പാടുകൾ അദ്ദേഹം ഉച്ചകോടിയിൽ അവതരിപ്പിക്കും. സമാധാനം, സുരക്ഷ, ബഹുകക്ഷി സൗഹൃദം, നിർമ്മിത ബുദ്ധിയുടെ ഉത്തരവാദിത്വ പൂർണമായ ഉപയോഗം, കാലാവസ്ഥാ വ്യതിയാനം, ആരോഗ്യം എന്നിവയടക്കം വിഷയങ്ങൾ അദ്ദേഹം പരാമർശിക്കും.

ഉച്ചകോടിയ്ക്ക് ശേഷം തലസ്ഥാനമായ ബ്രസീലിയ സന്ദർശിക്കുന്ന പ്രധാനമന്ത്രി പ്രസിഡണ്ട് ലൂയിസ് ഇനാസിയോ ലുലാഡാ സിൽവയുമായി കൂടിക്കാഴ്ച നടത്തും.

ചരിത്രപരമായ അർജന്റീന സന്ദർശനത്തിനു ശേഷമാണ് പ്രധാനമന്ത്രി ബ്യൂണസ് ഐറിസിൽ നിന്ന് റിയോ ഡി ജനീറയിലെത്തിയത്.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

വോയ്സ് - പ്രധാനമന്ത്രി - അർജന്റീന

ഇന്ത്യ - അർജന്റീന ഉഭയകക്ഷി ബന്ധത്തിനും, സൗഹൃദത്തിനും സന്ദർശനം കൂടുതൽ ശക്തിപകരുമെന്ന് നരേന്ദ്രമോദി സാമൂഹ്യമാധ്യമ പോസ്റ്റിൽ കുറിച്ചു. 57 വർഷത്തെ ഇടവേളയ്ക്കു ശേഷമാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ലാറ്റിനമേരിക്കൻ രാജ്യമായ അർജന്റീന സന്ദർശിക്കുന്നത്.

പ്രസിഡണ്ട് ഹാവിയർ മിലെയുമായി നരേന്ദ്രമോദി മുഖാമുഖ ചർച്ച നടത്തി. തുടർന്ന് പ്രതിനിധിസംഘ തലത്തിലും, ഉഭയകക്ഷിബന്ധം ശക്തിപ്പെടുത്താൻ ചർച്ചകൾ നടന്നു. വ്യാപാരം , വാണിജ്യം, സാങ്കേതികവിദ്യ, രാജ്യരക്ഷ, ബഹിരാകാശം, ആരോഗ്യം , ഔഷധ നിർമ്മാണം തുടങ്ങിയ മേഖലകളിലെ തന്ത്രപരമായ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ചർച്ചകളിൽ ധാരണയായി. ഇന്ത്യൻ ഔഷധങ്ങൾക്ക് അർന്റീനിയൻ വിപണിയിൽ പ്രവേശനം എളുപ്പമാക്കുന്നതിന്റെ സാധ്യത പ്രധാനമന്ത്രി ചർച്ചയിൽ പ്രത്യേകം പരാമർശിച്ചതായി വിദേശകാര്യ മന്ത്രാലയ സെക്രട്ടറി P കുമരൻ ബ്യൂണസ് ഐറിസിൽ അറിയിച്ചു.

ഊർജ്ജം, ധാതു മേഖലകളിലെ സഹകരണത്തിനും, ചർച്ചകളിൽ പ്രാധാന്യം നൽകിയിരുന്നു. അർജന്റീനിയൻ പ്രസിഡണ്ട് ഹാവിയർ മിലെയെ ഇന്ത്യാ സന്ദർശനത്തിന് പ്രധാനമന്ത്രി ക്ഷണിച്ചു. ബ്യൂണസ് ഐറിസിൽ മഹാത്മാഗാന്ധിയുടെയും, രവീന്ദ്രനാഥ ടാഗോറിന്റെയും പ്രതിമകളിൽ നരേന്ദ്രമോദി സ്മരണാഞ്ജലിയർപ്പിച്ചു.

✪✪✪

അമേരിക്കയിലെ ടെക്സസിൽ മിന്നൽ പ്രളയത്തിലെ ജീവഹാനിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അതീവ ദുഃഖം അറിയിച്ചു. അമേരിക്കൻ ഗവൺമെന്റിനെയും, മരിച്ചവരുടെ കുടുംബാംഗങ്ങളെയും അദ്ദേഹം അനുശോചനം അറിയിച്ചു. 14 കുട്ടികളുൾപ്പെടെ 32 പേർ ദുരന്തത്തിൽ മരിച്ചതായാണ് ആദ്യറിപ്പോർട്ടുകൾ.

✪✪✪

രണ്ട് ദിവസത്തെ സന്ദർശനത്തിന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് കേരളത്തിലെത്തും. ഉച്ചകഴിഞ്ഞ് കൊച്ചിയിലെത്തുന്ന അദ്ദേഹം, നാളെ ഗുരുവായൂർ

ക്ഷേത്രത്തിൽ ദർശനം നടത്തും. പിന്നീട്, കൊച്ചിയിലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിൽ വിദ്യാർത്ഥികളുമായും അധ്യാപകരുമായും ഉപരാഷ്ട്രപതി സംവദിക്കും.

സന്ദർശനത്തോട് അനുബന്ധിച്ച് നാളെ ഗുരുവായൂർ ക്ഷേത്രത്തിൽ നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട് . രാവിലെ എട്ട് മുതൽ പത്തു വരെ വിവാഹം, ചോറൂണ്, ക്ഷേത്ര ദർശനം എന്നിവയ്ക്ക് നിയന്ത്രണം ഉണ്ടാകും. ഉപരാഷ്ട്രപതിയുടെ സന്ദർശനം കഴിയുന്നതുവരെ തെക്കേ നടയുടെ ഇരുവശങ്ങളിലുമുള്ള കടകൾ തുറക്കരുതെന്നും നിർദേശമുണ്ട്.

✪✪✪

മലപ്പുറം, പാലക്കാട് ജില്ലകളിൽ നിപ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ തിരുവനന്തപുരത്ത് മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ അവലോകന യോഗം ചേർന്നു. മലപ്പുറത്തെ 228 പേരും, പാലക്കാട്ടെ 110 പേരും, കോഴിക്കോട്ടെ 87 പേരും ഉൾപ്പെടെ 425 പേരാണ് സമ്പർക്കപ്പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നതെന്ന് മന്ത്രി അറിയിച്ചു. എട്ടു പേർക്ക് പനി ലക്ഷണങ്ങളുണ്ട്. മലപ്പുറത്ത് 12 പേരാണ് ചികിത്സയിൽ കഴിയുന്നത്. അഞ്ചു പേർ ICU വിൽ ചികിത്സയിലാണ്. പാലക്കാട്ട് ഒരാളും ഐസൊലേഷനിൽ ചികിത്സയിൽ കഴിയുന്നുണ്ട്. കോഴിക്കോട്ട് സമ്പർക്കപ്പട്ടികയിലെ 87 പേരും ആരോഗ്യപ്രവർത്തകരാണ്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

....(വോയ്സ്)....

മലപ്പുറം മക്കരപ്പറമ്പ് ചെട്ടിയാരങ്ങാടിയിൽ നിപ ലക്ഷണങ്ങളോടെ മരിച്ച 18 കാരിയെ ചികിത്സിച്ച ഡോക്ടർമാരുൾപ്പെടെ ആരോഗ്യപ്രവർത്തകരുടെ സ്രവ പരിശോധനാഫലം നെഗറ്റീവായി. മഞ്ചേരി മെഡിക്കൽ കോളജിലെ വൈറോളജി ലാബിലായിരുന്നു പരിശോധന.

പെരിന്തൽമണ്ണയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്ന 39 കാരിയെ നിപ സ്ഥിരീകരിച്ചതോടെ കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് മാറ്റി.

മലപ്പുറം ജില്ലയിൽ 228 പേരാണ് നിരീക്ഷണത്തിൽ കഴിയുന്നത്. കോഴിക്കോട്ടേക്ക് മാറ്റിയ യുവതിയടക്കം 12 പേരാണ് നിപ ചികിത്സയിൽ കഴിയുന്നത്. ഇവരിൽ അഞ്ച് പേർ തീവ്രപരിചരണ വിഭാഗത്തിലാണ്.

മക്കരപ്പറമ്പ്, കുറുവ, കൂട്ടിലങ്ങാടി, മങ്കട പഞ്ചായത്തുകളിലെ 20 വാർഡുകളിൽ ആരോഗ്യപ്രവർത്തക സംഘം സർവെ നടത്തി. 1,700 ഓളം വീടുകളിൽ പരിശോധന നടത്തിയെങ്കിലും രോഗലക്ഷണങ്ങളോടെ ആരെയും കണ്ടെത്തിയില്ല.

✪✪✪

കേരള സർവ്വകലാശാലയിൽ ഇന്ന് അടിയന്തര സിൻഡിക്കേറ്റ് യോഗം ചേരും. രാവിലെ 11 മണിക്ക് പാളയം സർവ്വകലാശാലാ ആസ്ഥാനത്താണ് യോഗം. രജിസ്ട്രാറെ സസ്പെൻഡ് ചെയ്ത നടപടി ഉൾപ്പെടെ വിഷയങ്ങൾ ചർച്ചയായേക്കും.

✪✪✪

വിവരാവകാശ നിയമ ജോലികളിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയാൽ നഷ്ടപരിഹാരം നൽകേണ്ടത് ബന്ധപ്പെട്ട വകുപ്പാണെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷണർ ഡോ. A അബ്ദുൽ ഹക്കീം ഉത്തരവിട്ടു. ഓഫീസ് ആസ്ഥാനമാണോ, വകുപ്പ് ആസ്ഥാനമാണോ ഇതിന് ബാധ്യതപ്പെട്ടതെന്ന കാര്യത്തിൽ വ്യക്തത വരുത്തിയാണ് ഉത്തരവ്.

വിവരങ്ങൾ നൽകുന്നതിൽ നിരന്തരം തടസ്സം നിൽക്കുന്ന ഓഫീസർക്കെതിരെ കമ്മീഷൻ ശുപാർശ നൽകിയാൽ വകുപ്പ് ആസ്ഥാനം നടപടിയെടുക്കണം. വിവരം നൽകാതിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിന്ന് ദിവസം 250 രൂപ ക്രമത്തിൽ 25,000 രൂപ വരെ പിഴ ചുമത്താം. കൊല്ലത്തെ വില്ലേജ് ഓഫീസിലും, താലൂക്ക് ഓഫീസിലും പോക്കുവരവ് രേഖയാവശ്യപ്പെട്ട അപേക്ഷകന് വിവരം നൽകാതിരുന്ന കേസ് തീർപ്പാക്കിയാണ് കമ്മീഷൻ ഉത്തരവ്.

✪✪✪

മൻ കി ബാത്തിന്റെ അഞ്ചാം സീസൺ ടാലന്റ് ഹണ്ട് താലൂക്ക് തല പരിപാടി വർക്കല അയിരൂർ MGM മോഡൽ സ്കൂളിൽ ഗോവ ഗവർണർ P.S ശ്രീധരൻ പിള്ള ഉദ്ഘാടനം ചെയ്യും. കേന്ദ്ര യുവജന കാര്യ - കായിക മന്ത്രാലയത്തിന് കീഴിലെ 'മേര യുവ ഭാരത് കേരള'മാണ് പരിപാടി സംഘടിപ്പിക്കുന്നത്.

✪✪✪

ഇത്തവണത്തെ സംസ്ഥാന സ്കൂൾ കലോത്സവം തൃശ്ശൂരിലും സ്കൂൾ ഒളിമ്പിക്സ് തിരുവനന്തപുരത്തും സംഘടിപ്പിക്കുമെന്ന് മന്ത്രി V ശിവൻകുട്ടി പറഞ്ഞു. തിരുവനന്തപുരത്ത് അധ്യാപക സംഘടനാ പ്രതിനിധികളുടെ യോഗത്തിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്.

✪✪✪

സാമൂഹിക ഉന്നമനത്തിനും വികസനത്തിനും ജനക്ഷേമത്തിനും എല്ലാവരും ഒന്നിച്ച് പ്രവർത്തിക്കണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ പറഞ്ഞു. കണ്ണൂർ തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രത്തിൽ വെങ്കലത്തിൽ നിർമ്മിച്ച ശിവ ശില്പം അനാവരണം ചെയ്യുകയായിരുന്നു അദ്ദേഹം.

ക്ഷേത്രങ്ങളോടനുബന്ധിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളും ഗോശാലകളും ആശുപത്രികളും സ്ഥാപിക്കാൻ ദേവസ്വം അധികൃതർ മുന്നോട്ടുവരണമെന്നും ഗവർണർ പറഞ്ഞു.

14 അടി ഉയരത്തിൽ നിർമ്മിച്ച പൂർണ്ണകായ ശിവ ശില്പത്തിന് 4,200 കിലോ ഭാരമുണ്ട്. മുതിർന്ന BJP നേതാവ് കുമ്മനം രാജശേഖരൻ, കൈതപ്രം ദാമോദരൻ നമ്പൂതിരി, മലബാർ ദേവസ്വം ബോർഡ് കമ്മിഷണർ ബിജു T ചന്ദ്ര ശേഖരൻ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

✪✪✪

സംസ്ഥാനത്ത് അടുത്ത 5 ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

ഈ ജില്ലകളിൽ കുഞ്ചത്തൂർ മുതൽ കോട്ടക്കുന്ന് വരെ ഉയർന്ന തിരമാലയ്ക്കും, കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

✪✪✪

ബർമ്മിംഗ്ഹാം ക്രിക്കറ്റ് ടെസ്റ്റിൽ നാലാം ദിവസമായ ഇന്നലെ ഇന്ത്യ രണ്ടാം ഇന്നിംഗ്സിൽ ആറ് വിക്കറ്റിന് 427 റൺസെടുത്ത് ഡിക്ലയർ ചെയ്തു. തുടർന്ന് രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് ആരംഭിച്ച ഇംഗ്ലണ്ട്, ഇന്നലത്തെ കളി അവസാനിക്കുമ്പോൾ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 72 റൺസെടുത്തു. 608 റൺസാണ് ഇംഗ്ലണ്ടിന്റെ വിജയലക്ഷ്യം.

രണ്ട് ഇന്നിംഗ്സുകളിലുമായി 430 റൺസെടുത്ത ഇന്ത്യയുടെ ശുഭ്മാൻഗിൽ ഒരു ടെസ്റ്റ് മത്സരത്തിൽ ഏറ്റവും ഉയർന്ന റൺസ് നേടുന്ന രണ്ടാമത്തെ ബാറ്ററായി മാറി.

✪✪✪

ഇന്ത്യൻ യുവ ക്രിക്കറ്റ് താരം വൈഭവ് സൂര്യവംശി യൂത്ത് ഏകദിനത്തിലെ ഏറ്റവും വേഗതയേറിയ സെഞ്ച്വറി നേട്ടം സ്വന്തമാക്കി. ഇംഗ്ലണ്ടിനെതിരെ 52 പന്തിൽ നിന്ന് വൈഭവ് 143 റൺസെടുത്തു. 13 ഫോറുകളും 10 സിക്സറുകളും ആണ് വൈഭവ് നേടിയത്.

✪✪✪

നാലാമത് AFC വനിതാ ഏഷ്യൻകപ്പ് ഫുട്ബോളിൽ ഇന്ത്യൻ ടീം ആതിഥേയരായ തായ്‌ലന്റിനെ പരാജയപ്പെടുത്തി. ചിയാങ്ങ് മായി സ്റ്റേഡിയത്തിൽ 2-1 നാണ് ഇന്ത്യയുടെ വിജയം.

✪✪✪

ബംഗളുരുവിൽ പ്രഥമ നീരജ് ചോപ്ര ക്ലാസിക് ജാവലിൻ ത്രോയിൽ ഇന്ത്യയുടെ ഒളിമ്പിക് ചാമ്പ്യൻ നീരജ് ചോപ്ര ജേതാവായി. മൂന്നാം അവസരത്തിൽ 86.18 മീറ്റർ മറികടന്നാണ് നീരജിന്റെ സ്വർണനേട്ടം.

✪✪✪

കേരള ക്രിക്കറ്റ് ലീഗ് രണ്ടാം സീസണിലെ കളിക്കാരുടെ ലേലം പൂർത്തിയായി. ഓഗസ്റ്റ് 21 നാണ് സീസണിന് തുടക്കമാകുന്നത്. തിരുവനന്തപുരം ഗ്രീൻഫീൽഡ് ഇന്റർനാഷണൽ സ്റ്റേഡിയത്തിലെ സ്പോർട്സ് ഹബ്ബിലാണ് ലീഗ് മത്സരങ്ങൾ. ഓരോ ദിവസവും ഉച്ചയ്ക്ക് രണ്ടരയ്ക്കും, വൈകിട്ട് ആറേ മുക്കാലിനും മത്സരങ്ങൾ ആരംഭിക്കും.

✪✪✪

വിംബിൾഡൺ പുരുഷ ഡബിൾസ് ടെന്നീസിൽ ഇന്ത്യയുടെ യുകി ഭാംമ്രി- അമേരിക്കൻ താരം റോബർട്ട് ഗലോവെ സഖ്യം മൂന്നാം റൗണ്ടിൽ പ്രവേശിച്ചു. ലണ്ടനിൽ ഇന്നലെ പോർച്ചുഗൽ- അമേരിക്കൻ സഖ്യത്തെയാണ് അവർ തോൽപ്പിച്ചത്.

✪✪✪

കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ കെട്ടിടം തകർന്ന് വീട്ടമ്മ മരിച്ച സംഭവത്തിൽ മന്ത്രി വീണാ ജോർജിന്റെ രാജി ആവശ്യപ്പെട്ട് പത്തനംതിട്ടയിൽ ഇന്നലെ യൂത്ത് കോൺഗ്രസ് നടത്തിയ മാർച്ചിൽ സംഘർഷമുണ്ടായി. കൊല്ലത്ത് BJP പ്രവർത്തകരും രാജി ആവശ്യപ്പെട്ട് മന്ത്രിയുടെ കോലം കത്തിച്ചു- കോഴിക്കോട്ട് യൂത്ത് ലീഗും പ്രതിഷേധം സംഘടിപ്പിച്ചു.

✪✪✪

തൃശൂർ പാലിയേക്കര ടോൾപ്ലാസയിലേക്ക് ഇന്നലെ യൂത്ത് കോൺഗ്രസ് പ്രവർത്തകർ നടത്തിയ മാർച്ചിൽ സംഘർഷമുണ്ടായി. ടോൾപിരിവ് നിർത്തിവെക്കണ മെന്നാവശ്യപ്പെട്ടായിരുന്നു മാർച്ച്. പൊലീസ് മാർച്ചിനു നേരെ ജലപീരങ്കി പ്രയോഗിച്ചു. ഗതാഗതം തടസ്സപ്പെടുത്തിയ പ്രവർത്തകരെ പിന്നീട് പോലീസ് അറസ്റ്റ് ചെയ്തു നീക്കി.

✪✪✪

കോഴിക്കോട് ഒളവണ്ണ ഇരിങ്ങല്ലൂരിൽ വാഷിങ് മെഷീനിൽ കുടുങ്ങിയ നാല് വയസ്സുകാരനെ മീഞ്ചന്തയിലെ ഫയർഫോഴ്സ് ഉദ്യോഗസ്ഥർ രക്ഷപ്പെടുത്തി. കളിക്കുന്നതിനിടെ ടോപ് ലോഡ് വാഷിങ് മെഷീനിൽ കുട്ടി കുടുങ്ങിപ്പോവുകയായിരുന്നു എന്ന് രക്ഷിതാക്കൾ അറിയിച്ചു.

✪✪✪

---

***News Editor: അനിൽ ചന്ദ്രൻ***
***News Reader: അനിൽ ചന്ദ്രൻ***
***NRTs: അബ്ദുൽ കബീർ, രജിന***
***DEO: ഷീബ***